## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.19   11.6.2012 - ലെ മറുപടിയ്ക്ക്

## ജനസമ്പർക്ക പരിപാടിയും ലഭിക്കുന്ന പരാതികളുടെ പരിഹാരവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന ജനസമ്പർക്ക പരിപാടികളിലെ എല്ലാ പരാതികൾക്കും പരിഹാരം കാണുന്ന കാര്യം പരിഗണിക്കുമോ ; | (എ) നിയമതടസ്സങ്ങൾ ഇല്ലാത്ത പരാതികൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) ജനസമ്പർക്ക പരിപാടിയിൽ തീർപ്പ് കൽപ്പിക്കാത്ത പരാതികൾ പിന്നീട് പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | ബി) ജില്ലാതലത്തിൽ അവലോകനം നടത്തുകയും നിയമപരമായി പരിഹരിക്കാൻ കഴിയുന്ന പരാതികൾ പരിഹരിക്കുന്നതിന് ജില്ലാതല ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ജനസമ്പർക്ക പരിപാടിയിലൂടെ സംസ്ഥാനത്ത് ഒട്ടാകെ, 5 ലക്ഷത്തിലധികം പരാതികൾ ലഭിച്ചതിൽ 30.4.2012 വരെ 3,63,464 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ അവലോകനം ചെയ്തതിൽ നിന്നും റീസർവ്വെ, ബി.പി.എൽ. കാർഡ്, വീട് വയ്ക്കുന്നതിന് ധനസഹായം എന്നിവ സംബന്ധിച്ച പരാതികളാണ് തീർപ്പ് കൽപ്പിക്കാൻ പ്രധാനമായും ഇനി അവശേഷിക്കുന്നത്. ഈ സാഹചര്യത്തിൽ, വില്ലേജ് തലത്തിൽ പ്രത്യേകമായി സർവ്വെ അദാലത്ത് സംഘടിപ്പിച്ച് സമയബന്ധിതമായി തീരുമാനം |

---2

കൈക്കൊള്ളാൻ റവന്യൂ വകുപ്പിനും, ബി. പി.എൽ.കാർഡ് ലഭ്യമാക്കുന്നതിന് വേണ്ടിയും/വീട് വയ്ക്കുന്നതിന് ധന സഹായം നൽകാനുള്ള കാര്യത്തിലും അർഹരായവരെ കണ്ടെത്തുന്നതിന് വേണ്ടിയുള്ള ഊർജ്ജിത നടപടി സ്വീകരിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത പരാതികളിലെ തുടർനടപടികൾക്ക് ഉദ്യോഗസ്ഥ സംഘത്തെ ചുമതലപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ? | (സി) ജില്ലാതലത്തിലുള്ള പരാതികളിന്മേൽ തുടർനടപടി കൈക്കൊള്ളുന്നതിന് അതാതു ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.